**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3033** **28-02-2023 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമ വകുപ്പിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ യുവജനക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br><br>1. കേരളോത്സവം<br><br>2. ടീം കേരള (വോളന്റ്റി ആക്ഷൻ ഫോഴ്സ്)<br><br>3. അഡ്വഞ്ചർ ആക്ടിവിറ്റീസ് (ട്രെക്കിങ്, സാഹസിക ക്യാമ്പ്, സാഹസിക കാർണിവൽ, അമ്പെയ്ത്ത് പരിശീലനം, ബീച്ച് ഫെസ്റ്റ്)<br><br>4. യുവമാധ്യമ പ്രവർത്തക ക്യാമ്പ്<br><br>5. യുവസാഹിത്യ ക്യാമ്പ്<br><br>6. സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം<br><br>7. അവളിടം യൂത്ത് ക്ലബ്ബ് - യുവാ ക്ലബ്ബ് (ധനസഹായ വിതരണം)<br><br>8. കതിർ കാർഷിക ക്ലബ്ബ്<br><br>9. ഫ്ലാറ്റ് ക്ലബ്<br><br>10. ട്രൈബൽ സ്പോർട്സ് ക്ലബ്ബ്<br><br>11. വിവാഹ കൗൺസിലിംഗ് ക്ലാസുകൾ<br><br>12. ലഹരി വിരുദ്ധ ക്യാമ്പയിൻ<br><br>13. ഫിഫ വേൾഡ് കപ്പ് - ബിഗ് സ്ക്രീൻ പ്രദർശനം<br><br>14. മത്സര പരീക്ഷാ പരിശീലനം<br><br>15. മണിനാദം (നാടൻ പാട്ട് മത്സരം) |

16. കായിക വികസന പ്രവർത്തനങ്ങൾ (സെവൻസ് ഫുട്ബോൾ, കബഡി, വോളിബോൾ മത്സരങ്ങൾ)

17. ട്രാൻസ്ജെൻഡേഴ്സ് ശാക്തീകരണം

18. ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ

19. ശാസ്ത്ര ക്വിസ്

20.മാരിവില്ല് ഫെസ്റ്റ് (ട്രാൻസ്ജെൻഡേഴ്സ് ഫെസ്റ്റ്)

21. ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ

22. ഓൺലൈൻ ഡെലിവറി

യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യ-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും സംസ്ഥാനമൊട്ടാകെ കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും കേരള സംസ്ഥാന യുവജന കമ്മീഷൻ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. യുവജനങ്ങളുടെ പ്രശ്നങ്ങളും ഇവരുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി ജില്ലാ തലത്തിൽ അദാലത്തുകൾ/ഹിയറിംഗുകൾ/ വിസിറ്റുകൾ എന്നിവ കമ്മീഷൻ നടത്തി വരുന്നു. യുവജനങ്ങളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചു കൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാദ്ധ്യതകളും കഴിവുകളും കണ്ടെത്തുന്നതിലേയ്ക്കും അവബോധം ഉണ്ടാക്കുന്നതിലേക്കുമായി കമ്മീഷൻ വിവിധ മേഖലകളിൽപ്പെട്ട വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ, യുവജനങ്ങളുടെ അവകാശങ്ങൾ, ലിംഗ സമത്വം തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ വർഷവും ദേശീയ സെമിനാർ സംഘടിപ്പിച്ചു വരുന്നു. സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് ബോധവത്ക്കരണം നൽകുന്നതിനും മറ്റ് ആദിവാസി കോളനികളിലെ യുവജനങ്ങളുടെ തൊഴിൽപരവും ആരോഗ്യപരവും സാമൂഹ്യപരവുമായ വികസനം എന്നീ ലക്ഷ്യങ്ങൾ

| | | | |
|---|---|---|---|
| | | | മുൻനിർത്തി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ യുവജന കമ്മീഷൻ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. ഇതിനു പുറമേ യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ യുവജന കമ്മീഷന്റെ നേതൃത്വത്തിൽ 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ' പ്രവർത്തിച്ചുവരുന്നു. കോവിഡാനന്തര കേരളീയ സമൂഹത്തിൽ എല്ലാ മേഖലകളിലും സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യം മുൻ നിർത്തി യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാമിൽ ഗ്രീൻ യൂത്ത് പദ്ധതി ഉൾപ്പെടുത്തിക്കൊണ്ട് കമ്മീഷനിലെ അംഗങ്ങളുടെ നേതൃത്വത്തിൽ 'ഗ്രീൻ സോൺ' പദ്ധതി വർഷംതോറും നടത്തി വരുന്നു. തരിശ് ഭൂമികൾ കണ്ടെത്തി ആയവ കൃഷിക്ക് അനുയോജ്യമായ നിലയിൽ പരിവർത്തനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഗ്രീൻ യൂത്ത് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണവും ഇതോടൊപ്പം നടത്തി വരുന്നു. കമ്മീഷൻ നടത്തുന്ന വിർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായ ജോബ് ഫെസ്റ്റ് സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുന്ന 7 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ